455
13/1/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-ബഹു:അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.No.2114/13 OA.No.2088/13 കേസുകളിലെ 29.8.2014 ലെ വിധിന്യായം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(ആർ.റ്റി)നം.01/15/സാ.നീ.വ തിരുവനന്തപുരം, തീയതി 01.01.2015

പരാമർശം- ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA.No.2114/13, OA.No.2088/13 എന്നീ കേസുകളിലെ 29.8.2014 ലെ ഉത്തരവ്

## ഉത്തരവ്

ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മുമ്പാകെ ശ്രീമതി.സജീദ.എസ്, സുജമോൾ.പി എന്നിവർ യഥാക്രമം ഫയൽ ചെയ്ത OA.2114/13, OA.2088/13 എന്നീ കേസുകളിൽ തീർപ്പുകൽപ്പിക്കണമെന്ന 29.8.2014 ലെ വിധി പ്രകാരം പരാതിക്കാരെ നേരിൽ കേൾക്കുകയും ഈ വിഷയം വിശദമായി പരിശോധിക്കുകയും ചെയ്തു. 1995 ലെ PWD ആക്ടിലെ വകുപ്പ് 33 പ്രകാരം 3% ഒഴിവുകൾ ഓരോ ശതമാനം വീതം (i) Blindness or Low vision (ii) Hearing Impaired (iii)Locomotor disability or Cerebral Palsy വിഭാഗക്കാർക്കായി നീക്കി വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും 2008 ലെ സർക്കാർ ഉത്തരവ് പ്രകാരം ഓരോ 100 ഒഴിവുകളുടെ ടേണിലും 33,66,99 ടേണുകളിലെ ഒഴിവുകൾ മുൻഗണനാ ക്രമത്തിൽ മേൽ അംഗപരിമിതർക്കായി നീക്കി വച്ചിട്ടുണ്ട്. ടി ആക്ടിലെ 33-ാം വകുപ്പ് പ്രകാരം ഇപ്രകാരം ഏതെങ്കിലും വിഭാഗത്തിനായി നീക്കി വച്ച ഒഴിവുകളിൽ ഏതെങ്കിലും റിക്രൂട്ട്മെന്റ് വർഷത്തിൽ യോഗ്യരായവർ ലഭ്യമല്ലാതെ വന്നാൽ പ്രസ്തുത ഒഴിവുകൾ തൊട്ടടുത്ത റിക്രൂട്ട്മെന്റ് വർഷത്തിലേയ്ക്ക് കൈമാറ്റം ചെയ്യണമെന്നും പ്രസ്തുത റിക്രൂട്ട്മെന്റ് വർഷത്തിലും യോഗ്യരായവരെ ലഭിക്കാതെ വന്നാൽ ടി ഒഴിവുകൾ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിലെ അർഹതയുള്ള മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിഭാഗങ്ങൾ തമ്മിൽ വച്ചുമാറണമെന്നും അതിലും കഴിയുന്നില്ലെങ്കിൽ ഒഴിവുകൾ പൊതു വിഭാഗത്തിലേയ്ക്ക് മാറ്റുമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

എന്നാൽ പല റിക്രൂട്ട്മെന്റ് വർഷത്തിലും ഏതെങ്കിലും വിഭാഗത്തിൽ ആവശ്യത്തിന് യോഗ്യത നേടാതെ വരുന്ന സന്ദർഭത്തിൽ മറ്റു വിഭാഗക്കാർ നിലവിലുണ്ടെങ്കിലും അവർക്ക് നിയമനം നൽകാതെ ടി ഒഴിവുകൾ അടുത്ത റിക്രൂട്ട്മെന്റ് വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യണമെന്ന 36-ാംവകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കണമെന്നും അതോടൊപ്പം റിക്രൂട്ട്മെന്റ് വർഷമെന്നത് എല്ലാ വർഷവുമെന്നായി നിർവ്വചിക്കണമെന്നും മറ്റും ആവശ്യപ്പെട്ടുകൊണ്ട് ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും പ്രസ്തുത കേസുകളിൽ ടി ആവശ്യം ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അംഗീകരിക്കാതെ പരാതിക്കാരുടെ ആവശ്യം KS & SSR ചട്ടം 39 അനുസരിച്ച് പരിഹരിക്കുവാൻ കഴിയുമോയെന്ന് സർക്കാർ പരിശോധിക്കുവാനും അതിലേയ്ക്കായി പരാതിക്കാരെ നേരിൽ കേട്ട് തീർപ്പ് കൽപ്പിക്കാനും നിർദ്ദേശിച്ചിരുന്നു.

PWD ആക്ട് ഒരു കേന്ദ്ര നിയമമാണ്. അതിൽ ഒരു വിഭാഗത്തിന് അനുവദിയ്ക്കപ്പെട്ട ഒഴിവിൽ ഒരു റിക്രൂട്ട്മെന്റ് വർഷത്തിൽ ആവശ്യത്തിന് ഉദ്യോഗാർത്ഥികൾ ലഭ്യമല്ലായെങ്കിൽ പ്രസ്തുത ഒഴിവുകൾ തൊട്ടടുത്ത റിക്രൂട്ട്മെന്റ് വർഷത്തിലേയ്ക്ക് കൈമാറ്റം ചെയ്യണമെന്ന് ആക്ടിൽ തന്നെയാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. KS & SSR Public Service Act 1968 ൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളാണ് പ്രസ്തുത ചട്ടങ്ങൾ നൽകുന്ന അധികാരം ഉപയോഗിച്ച് കേന്ദ്ര നിയമത്തിലെ ഒരു വകുപ്പിലെ വ്യക്തമായ വ്യവസ്ഥയെ മറികടക്കുവാൻ കഴിയുമെന്ന് കരുതാനാവില്ല. മാത്രമല്ല, KS & SSR ചട്ടം 39 പ്രയോഗിക്കുമ്പോൾ അത് മറ്റാരുടേയും നിയമ പ്രകാരമുള്ള അവകാശത്തെ ഹനിച്ചുകൊണ്ടാകരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു വിഭാഗത്തിന് അനുവദിക്കപ്പെട്ട ഒഴിവുകളിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാതെ വന്നാൽ അത് തൊട്ടടുത്ത റിക്രൂട്ട്മെന്റ് വർഷത്തിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുക വഴി ആ റിക്രൂട്ട്മെന്റ് വർഷത്തിൽ ടി വിഭാഗത്തിന് കൂടുതൽ അവസരം ലഭ്യമാകുന്നത് ആയത് ലഭ്യമല്ലാതെ വരുമ്പോൾ ടി വിഭാഗക്കാർ കോടതിയെ സമീപിക്കാൻ ഇടയുണ്ട്.

നിവേദനത്തിലെ മറ്റൊരു ആവശ്യം റിക്രൂട്ട്മെന്റ് വർഷമെന്നത് നിലവിലെ 3 വർഷം മുതൽ ഇപ്പോഴുള്ള നാലര വർഷം വരെയെന്നത് വർഷം തോറുമാകണമെന്നാണ്. സംസ്ഥാനത്ത് എല്ലാ ഒഴിവുകളിലേയ്ക്കും എല്ലാ വർഷവും വിജ്ഞാപനം പുറപ്പെടുവിച്ച് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കാറില്ല. ഉള്ള ഒഴിവുകൾക്കനുസരിച്ച് വിജ്ഞാപനം നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ അവസാനിക്കുന്നത് വരെയാണ്. അത് ഒന്നു മുതൽ 3 വർഷം വരെയാകാം. ആയത് വർഷം തോറുമാക്കിയാലും നിലവിലെ അവസ്ഥയ്ക്ക് വലിയ മാറ്റം വരാനിടയില്ല. 3 വർഷം നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നടക്കുന്ന നിയമനങ്ങളെ 1/3 മാത്രമെ ഒരു വർഷം കൊണ്ട് നടക്കാനിടയുള്ളൂ.

മേൽ സാഹചര്യത്തിൽ ശ്രീമതി.സജീദ.എസ്, ശ്രീമതി.സുജാമോൾ.പി എന്നിവർ മേൽ കോടതി വിധികളുടെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ട നിലവിലുള്ള ചട്ടങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ലഘൂകരിച്ച് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ അംഗപരിമിതർക്ക് അനുവദിച്ചിട്ടുള്ള സംവരണ ഒഴിവുകളിൽ ക്രമം തെറ്റിച്ച് ഉൾപ്പെടുത്തണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നിർദ്ദേശം നൽകണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ ടി ഉദ്യോഗാർത്ഥികളുടെ അപേക്ഷകളിലെ ആവശ്യങ്ങൾ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാജു പീറ്റർ
അണ്ടർ സെക്രട്ടറി

ശ്രീമതി.സജീദ.എസ്, സഫീദ മൻസിൽ, ആവണീശ്വരം റയിൽവേ സ്റ്റേഷൻ.പി.ഒ, കൊല്ലം.

ശ്രീമതി.സുജാമോൾ.പി, കുരുവിള ഹൌസ്, മുദപുരം.പി.ഒ, ചിറയിൻകീഴ്, തിരുവനന്തപുരം

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ